(എഴുപത്തയ്യായിരം രൂപ മാത്രം) ഗ്രാന്റിൽ 10 വീടുകളും SGRY പദ്ധതി പ്രകാരം 2002-03-ൽ 2 വീടുകളും അനുവദിച്ചിട്ടുണ്ട്. 2003-04-ൽ ടി കോളനിയിൽ 2 കിണർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നരിക്കോട്ടുമല കോളനിയിലേക്കുള്ള 400 മീറ്റർ റോഡ് ടാറിംഗും ഇക്കാലയളവിൽ നടത്തിയിട്ടുണ്ട്. 2001-02 വർഷം ടി കോളനിയിൽ ആരോഗ്യകേന്ദ്ര നിർമ്മാണത്തിനായി ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും പണി പൂർത്തിയായിട്ടില്ല.

(ഡി) പട്ടികജാതിക്കാർക്കുള്ള എസ്.സി.പി. ഫണ്ടിന്റെ മൂന്നിൽ രണ്ടു ഭാഗവും പട്ടികവർഗ്ഗക്കാർക്കുള്ള ടി.എസ്.പി. ഫണ്ടിന്റെ പകുതി ഭാഗവും പഞ്ചായത്തുകൾക്കാണ് നൽകിയിരിക്കുന്നത്. പട്ടികജാതി വകുപ്പിലുള്ള കോർപ്പസ് ഫണ്ടിൽനിന്ന് റോഡ് നിർമ്മാണത്തിനോ, അറ്റകുറ്റപ്പണികൾക്കോ, പണം അനുവദിക്കുവാൻ മാനദണ്ഡം അനുവദിക്കുന്നില്ല.

പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി

141 [946] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ:

(ബി) ജില്ലാ ആഫീസുകളിൽ ഓരോ ആനുകൂല്യത്തിനുമായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷിച്ചവരിൽ യോഗ്യതയുള്ളവർക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതിക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്കൂൾ/കോളേജ് തുറന്നാലുടനെ ലംപ്സംഗ്രാന്റും 4 മാസത്തെ സ്റ്റൈപെന്റും മുൻകൂറായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിത ഭവനരഹിത പദ്ധതിയിൽമേൽ ലഭിച്ച അപേക്ഷകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം നടത്തുന്നുണ്ട്.

ചികിത്സാ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് തുടർച്ചാനുമതി നൽകുന്നതിനും, മാർഗ്ഗനിർദ്ദേശത്തിനും ഉള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

പലിശരഹിത ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ഫണ്ടിന്റെ ലഭ്യത യനുസരിച്ച് തുക അനുവദിക്കുന്നതാണ്.

(ബി) വിദ്യാഭ്യാസാനുകൂല്യത്തിനായി 1622 അപേക്ഷകളും ഭൂരഹിത ഭവനരഹിത പദ്ധതിക്കായി 23338 അപേക്ഷകളും തീർപ്പാക്കുവാൻ ഉണ്ട്.

(സി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ട്. ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്. ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നതിനായി ശേഷിക്കുന്ന അപേക്ഷകളിൻമേൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെടാതിരിക്കാൻ നടപടി

142 [1947] **ശ്രീ. മഞ്ഞളാംകുഴി അലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലെ പുതിയ സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെടാനും അവിടങ്ങളിലെ ഉദ്യോഗ നിയമനങ്ങളിൽ അവഗണിക്ക പ്പെടാനുമുള്ള സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിൽ സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന സ്ഥിതി വിശേഷങ്ങൾ നേരിടാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കൈക്കൊണ്ടുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ മേഖലയിലെ പുതിയ സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെടാനുള്ള സാഹചര്യമില്ല. എന്നാൽ എല്ലാ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം ഇപ്പോൾ ലഭിക്കുന്നില്ല എന്ന സാഹചര്യമുണ്ട്. സർക്കാർ മേഖലയിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ നിയമനത്തിൽ സംവരണം ലഭിക്കാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. എന്നാൽ സ്വാകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലി സംവരണം ഏർപ്പെടുത്താൻ ഭരണഘടനയിൽ വ്യവസ്ഥയില്ല.

(ബി ആന്റ് സി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യസ സ്ഥാപനങ്ങളിലെ സർക്കാർ സീറ്റുകളിലെ, 10 ശതമാനം പട്ടികജാതി/പട്ടിക വർഗ്ഗ സീറ്റുകളിൽ എല്ലാ വിദ്യാഭ്യാസ ആനുകൂല്യവും നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly